**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 260** **12-03-2018 ൽ മറുപടിക്ക്**

**പാട്ടക്കുടിശ്ശിക**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. സണ്ണി ജോസഫ് | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പാട്ടക്കാലാവധി കഴിഞ്ഞും പാട്ട വ്യവസ്ഥകൾ ലംഘിച്ചും വൻകിട കമ്പനികൾ സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | പാട്ടക്കാലാവധി കഴിഞ്ഞും പാട്ടവ്യവസ്ഥകൾ ലംഘിച്ചും വൻകിട കമ്പനികൾ സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) ഇത് പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ 18.2.17 ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) | 18.02.2017 ലെ സ.ഉ (എം.എസ്) 55/2017/റവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി (റവന്യൂ) നിയമവകുപ്പ് സെക്രട്ടറി, കമ്മീഷണർ ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണർ (ലാന്റ് റവന്യൂ) എന്നിവരെയും സർക്കാരിന്റെ 17.01.2018 ലെ സ.ഉ (എം.എസ്) 15/2018/റവ നം ഉത്തരവു പ്രകാരം ധനകാര്യ (വ്യയം) വകുപ്പ് സെക്രട്ടറിയെ കൂടി ഉൾപ്പെടുത്തി സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ള കേസുകൾ പരിശോധിച്ച് ശുപാർശ സമർപ്പിക്കുന്നതിന് ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ടി സമിതി എല്ലാ ജില്ലാ കളക്ടർമാരിൽ നിന്നും പാട്ടത്തിനു നൽകിയിട്ടുള്ള ഭൂമികളെക്കുറിച്ചുള്ള വിശദമായ വിവരം ശേഖരിച്ചു വരികയാണ്. |
| (സി) പാട്ടവ്യവസ്ഥ ലംഘിച്ചതും പാട്ട കാലാവധി കഴിഞ്ഞതുമായ എത്ര ഏക്കർ ഭൂമി ഈ സർക്കാർ നിലവിൽ വന്നശേഷം തിരിച്ചെടുത്തിട്ടുണ്ട്; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാട്ടവ്യവസ്ഥ ലംഘിച്ചതും പാട്ടകാലാവധി കഴിഞ്ഞതുമായ 38.34 ഏക്കർ ഭൂമി തിരിച്ചെടുത്തിട്ടുണ്ട്. |
| (ഡി) പാട്ടക്കുടിശ്ശികയിനത്തിൽ ലക്ഷക്കണക്കിന് രൂപ സർക്കാരിന് ലഭിക്കാൻ ഉണ്ടെന്നിരിക്കെ ഇത് പിരിച്ചെടുക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കുമോ? | (ഡി) | സർക്കാർ, കോടതി എന്നിവ നൽകുന്ന സ്റ്റേ ഉത്തരവുകൾ ഒഴികെയുള്ള പാട്ട/ലീസ് കേസുകളിൽ കുടിശ്ശിക തുക ഊർജ്ജിതമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**